നം:ഇ.എസ്.2-88500/2014/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്,
തിരുവനന്തപുരം. തീ: 6/10/2018.

# നോട്ടീസ്

വിഷയം:- ആ.വ.ഡ - ആരോഗ്യവകുപ്പിലെ ക്ലാർക്കുമാരുടെ 01.01.2009 മുതൽ 31.12.2013 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി ശ്രീമതി. രാജലക്ഷ്മി പി. യുടെ അപേക്ഷ പരിഗണിച്ച് പട്ടികയിൽ 234(എ) സ്ഥാനം നൽകുവാൻ താൽകാലികമായി തീരുമാനിച്ചത് - നോട്ടീസ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:- 1) 3.8.2018ലെ കാസർഗോഡ് ജില്ലാ മെഡിക്കൽ ആഫീസറുടെ എ2-3899/2018 എന്ന കത്ത്.

2) കെ.ജി.ഡി.ഐ (3) /1995/2005 (3) കാസറഗോഡ് തീ: 12/6/2012 പി.എസ്.സി. ശുപാർശ കത്ത്.

3) ഉത്തരവ് നം. എ2-2203/10/ ജി.മെ.ആ (ആരോഗ്യം) കാഞ്ഞങ്ങാട് തീ: 26.6.2012.

4) ഉത്തരവ് നം. എ2-7569/2014/ജി.മെ.ആ. കാസറഗോഡ് തീ: 18.9.2014.

5) ഉത്തരവ് നം. എ2-7900/2018/ജി.മെ.ആ (ആ) കാസറഗോഡ് തീ: 18.7.2018.

ആരോഗ്യവകുപ്പിലെ ക്ലാർക്കുമാരുടെ 01.01.2009 മുതൽ 31.12.2013 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി കാസറഗോഡ് ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ ക്ലാർക്കായ ശ്രീമതി രാജലക്ഷ്മി പി. സമർപ്പിച്ച അപേക്ഷ സൂചന (1) പ്രകാരം അയച്ച് തന്നിരിക്കുന്നു.

ശ്രീമതി. രാജലക്ഷ്മി പി. സൂചന (2) പ്രകാരം കാസറഗോഡ് പി.എസ്.സി. യുടെ നിയമന ശുപാർശയുടെയും സൂചന 3 പ്രകാരം കാസറഗോഡ് ജില്ലാ മെഡിക്കൽ ആഫീസറുടെ നിയമന ഉത്തരവിൻെറയും അടിസ്ഥാനത്തിൽ 4.7.12ൽ ക്ലാർക്ക് ടൈപ്പിസ്റ്റായി സർവ്വീസിൽ പ്രവേശിച്ചു, തുടർന്ന് സൂചന (4) പ്രകാരം 4.7.2014ൽ ടിയാരി പരിവീക്ഷാക്കാലം പൂർത്തീകരിക്കുകയും ചെയ്തു. സർവ്വീസ്സിൽ പ്രവേശിച്ച ഉടൻ തന്നെ ടിയാരി ക്ലാർക്കായി ഓപ്ഷൻ നൽകിയിട്ടുള്ളതും, സൂചന (5) പ്രകാരം, തസ്തികമാറ്റം നൽകിയിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ ശ്രീമതി. രാജലക്ഷ്മി പി. യെ 01.01.2009 മുതൽ 31.12.2013 വരെയുള്ള ആരോഗ്യവകുപ്പിലെ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ 234 (എ) സ്ഥാനം നൽകി ഉൾപ്പെടുത്തുന്നതിന് താൽകാലികമായി തീരുമാനിച്ചിരിക്കുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| SL No | Name | Pen No | Date of Birth | Qualification | Date of Advice of PSC / Govt orders & App order No of DHS/DMOH | Date of Joining | Date reckoned for seniority | Probation Declared or not | Existing rank no | New rank no |
|---|---|---|---|---|---|---|---|---|---|---|
| 1 | Unnikrishnan P | 697936 | 28/12/86 | Plus Two | GO(MS) No. 455/2011/H&FWD dt. 10.8.2011 & ED1/06/2012/DHS/Dtd. 30/5/12 A2/7857/12/DMOH/KKD/Dtd 11/6/12 | 9/7/2012 | 11/6/2012 | No | 234 | 234 |
| 2 | Rajalakshmi P | | 31/5/77 | SSLC/Type Writing (L) KGTE MOP 1/2013 AT(L) 1/14 | Adv No. KGD (1) (3) 1995/2005KSGD dt. 12/6/12 /KPSC Kasargode, A2/2203/10/DMOH KGD dt 26/6/12 | 4/7/2012 | 12/6/2012 | Yes | Nil | 234A |
| 3 | Vijina M. | 693715 | 19/10/88 | MSc, MOP 1/13 | GO (MS) No. 12/2012 H&FWD dt 13/1/12 & ED1/6/2012/DHS /Dtd 30/5/12 & A4/8418/09/DMO(H) KNR dt. 12/6/2012 | 18/6/2012 | 12/6/2012 | Yes | 235 | 235 |

മേൽ തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങളൊന്നുമില്ലായെന്ന നിഗമനത്തിൽ മേൽതാൽകാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

(ഒപ്പ്)
സി.എം. അജയമോഹൻ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്:- ശ്രീമതി. രാജലക്ഷ്മി പി.
ക്ലാർക്ക്, ജില്ലാ വെക്ടർ കൺട്രോൾ യൂണീറ്റ്, കാസർഗോഡ്

പകർപ്പ്:
1)എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2)ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3) ജില്ലാ വെക്ടർ കൺട്രോൾ യൂണീറ്റ്, കാസർഗോഡ്
4)ഫയൽ / കരുതൽ ഫയൽ

അംഗീകാരത്തോടെ

സൂപ്രണ്ട്